RESOLUTION No. 13.
10 Year Plan for Village Dispensary

Dr. (Mrs. T. Francis) *(Ernakulam Women): This Assembly recommends to Government to make a ten year Plan to provide every village in the State with a dispensary and to start as arly as possible each in Cheranellur, Mulavukad, and Vypeen villages as a first step of the said plan.*

സർ, നമ്മുടെ രാജ്യത്തുള്ള വില്ലേജുകളിലും ഗ്രാമങ്ങളിലും വസിക്കുന്നവർക്ക് വൈദ്യ സഹായം കിട്ടാതെ വിഷമം അനുഭവിക്കുന്ന സങ്കടം ഗവണ്മെണ്ടു് കാര്യമായിട്ടു് മനസ്സിലാക്കിട്ടുണ്ടോ എന്നുള്ളതു് വളരെ സംശയമാണു്. ഇതിൽ കൂടുതലായി ഞാൻ ആവശ്യപ്പെടുന്നതു് അലോപ്പതി ഡോക്ടരുടെ കാര്യമാണു്. പ്രസവകേസ്സുകളിലും പെട്ടെന്നുണ്ടാവുന്ന അപകടങ്ങൾക്കും, എല്ലുകൾ പൊട്ടി മുതലായവകൊണ്ടു് ഒടിയൽ മുതലായ മറ്റു് രോഗങ്ങൾക്കും, ഒരു അലോപ്പതി ഡോക്ടരുടെ വൈദ്യസഹായമില്ലാത്തതുകൊണ്ടു് വളരെ വിഷമിക്കേണ്ടിവരുന്നുണ്ടു്. ഞാൻ ഇങ്ങിനെ പറയുന്നതുകൊണ്ടു് മറ്റു് വൈദ്യന്മാരെ ആക്ഷേപിക്കുകയല്ല ചെയ്യുന്നതു്. താൽക്കാലികമായി ഉണ്ടാകുന്ന സൂഖക്കേടുകളിൽനിന്നു് രക്ഷപ്പെടുവാൻ അലോപ്പതി ചികിത്സയാണു് ഇന്നു് ഏറ്റവും മുന്നണിയിൽ നിൽക്കുന്നതു്. അതുകൊണ്ടാണു് ഞാൻ അലോപ്പതി ഡോക്ടരുടെ കാര്യം പ്രത്യേകം എടുത്തുപറയുന്നതു്. വില്ലേജുകളിൽ അതുപോലെയുള്ള ചികിത്സാസൌകര്യങ്ങളില്ലാത്തതുകൊണ്ടു് എനിക്കുതന്നെ വളരെ ബുദ്ധിമുട്ടു് അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. എന്നാൽ അതിനുള്ള ഒരു മാർഗ്ഗം ഇതേവരെ കണ്ടുപിടിച്ചിട്ടില്ല. അതുകൊണ്ടു് ഓരോവില്ലേജുകളിലും പരീക്ഷണാർത്ഥം ഓരോ കൊല്ലത്തിലെങ്കിലും ഓരോ ഡിസ്പെൻസറി (Dispensary) തുറക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇപ്പോഴത്തെ ആരോഗ്യമന്ത്രിയാണെങ്കിൽ ഇങ്ങിനെയുള്ള കാര്യങ്ങളിൽ വളരെ ഉത്സാഹമുള്ള ഒരാളാണെന്നു് എനിക്കറിയാം. അതുകൊണ്ടാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. എറണാകുളം, തൃശ്ശൂർ മുതലായ പട്ടണങ്ങളിൽ ഇതിനുള്ള സൌകര്യങ്ങളെല്ലാം ഉണ്ടെന്നു വിചാരിച്ചു് നാട്ടുംപുറങ്ങളിലെ കാര്യം തീരെ വിസ്മരിക്കുന്നതു കഷ്ടമാണു്. വർഷക്കാലങ്ങളിൽ പ്രസവസംബന്ധമായ ചില കേസ്സുകളിൽ വഞ്ചി വഴിക്കുപോകുവാനുള്ള അസൌകര്യങ്ങൾ ഓർത്തു് ഡോക്ടർമാരെ വിളിച്ചാലുംകൂടി അവർ പോകാൻ മടിച്ചിട്ടുള്ളതായി എനിക്കറിയാം.

മിസ്റ്റർ പ്രസിഡൻറ്: എന്നാൽ എൽ. സി. ററി. (L. C. T.) ഉപയോഗിക്കണം. (ചിരി)

Mr. A. M. Thomas *(Kanayannur)*: May I know whether the Hon'ble Member is included in that category?

Dr. (Mrs) T. Francis *(Ernakulam Women')*: You may include me among the doctors, I am also a doctor.

അതുകൊണ്ടു് ഗവണ്മെണ്ടു് ഈ കാര്യത്തിൽ ഒരു കൊല്ലത്തിൽ രണ്ടു് ഡിസ്പെൻസറി വീതമെങ്കിലും അത്യാവശ്യമുള്ള സ്ഥലങ്ങളിലും, ജനനിബിഡമായിട്ടുള്ള ഭാഗങ്ങളിലും ആരോഗ്യമന്ത്രി പോയിതന്നെ സ്ഥാപിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. C. V. Iyyu *(Kunnamkulam)* I thought the Hon. Member has read that the Home Secretary ought to be present, when the King is getttng a heir, in the adjoining room. That has been the practice in England till the birth of the present heir presnuptive recently.

Mr. P. Govinda Menon *(Minister for Finance and Law)*: It is in the room itself.

Mr. C. V. Iyyu *(Kunnamkulam)*: Of ourse, the Ministers have to be present on certain occasions.

Mr. C. A. Ouseph *(Minister for Education and Public Health)*: When such a situation arises in Cochin, convention should have so developed that the Member for Kunnamklam may expect the Minister in the adjoining room, but that is for away.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. എനിക്കു് ഈ സഭയുടേയും ഗവണ്മെണ്ടിന്റേയും ശ്രദ്ധക്കു് വിഷയീഭവിപ്പിക്കുവാനുള്ളസംഗതി ഇതാണു്. ബഹുമാനപ്പെട്ട ലേഡിമെമ്പരുടെ പ്രമേയത്തിന്റെ ഉദ്ദേശം സാധിക്കുന്നതിനും അതു ഉപകരിക്കുന്നതാണു്. ആറേഴുമാസങ്ങളായിട്ടു് എറണാകുളത്തു് ആംഗ്ലിക്കൻ ചർച്ചിന്റെ (Anglican Church) ഇടവകയിൽനിന്നു് ചിലവുചെയ്തു ഒരു ഡോക്ടറെയും അദ്ദേഹത്തിന്റെ ചാർജ്ജിൽ ഒരു ഫ്ലോട്ടിങ്ങു് (Floating Dispensary) ഡിസ്പെൻസറിയും തുടങ്ങിയിട്ടുള്ളതായി അറിയാം. ആ ഡോക്ടർ ഒരു അലോപ്പതി ഡോക്ടരാണു്. സാധാരണയായി അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

കായലിൽ ചിതറിക്കിടക്കുന്ന തുരുത്തുകളിൽപോയി (Free) ധമ്മായിട്ട് മരുന്നുകൊടുത്തും ചികത്സിച്ചും വരുന്നുണ്ട്.

മിസ്റ്റർ കെ. ഐ. വേലായുധൻ: എവിടെയാണ് ഇങ്ങനെ കൊടുക്കുന്നത്?

മിസ്റ്റർ സി. വി. ഇയ്യു: അട്ടത്തുകിടക്കുന്ന കായലിൽ കോതാട്ട് മുതലായ തുരുത്തുകളിലാണ് ഫ്ളോട്ടിങ്ങ് ഡിസ്പെൻസറിമൂലം ചികിത്സ തുടങ്ങിയിരിക്കുന്നത് എന്നാണ് എന്റെ അറിവ്. ആ പ്രസ്ഥാനത്തിന് ഗവമ്മെണ്ടിൽനിന്ന് Grand in aid Dispensary കൾക്ക് നൽകുന്നതുപോലെ ഒരു Grant കൊടുത്തു പ്രോത്സാഹിപ്പിക്കുന്നതായാൽ ദ്വീപുകളിൽ ഉള്ള സാധുക്കൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

മിസ്റ്റർ പ്രസിഡൻറ്: അതിന്ന് വേണമെങ്കിൽ എൽ. സി. റ്റി. (L. C. T.) ഉപയോഗിക്കാം.

മിസ്റ്റർ സി. വി. ഇയ്യു: പ്രായോഗികമായി (Practical) ഇപ്പോഴുള്ള Floating Dispensary വഴി ഇതു പരീക്ഷിച്ചുനോക്കിയാൽ കൊള്ളാമെന്നേഉള്ളു. ഇതു ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു.

മിസ്റ്റർ സി. എ. ഔസേപ്പ്: സർ, എറണാകുളം വനിതാമെമ്പർ തന്റെ ദീർഘകാലത്തെ പരിചയത്തോടുകൂടിയുള്ള ആവലാതികളെപ്പറ്റി പറയുമ്പോൾ അതിനെ ചോദ്യംചെയ്യുന്നതിന്ന് വാസ്തവത്തിൽ എനിക്ക് ശക്തിയില്ല. എങ്കിലും ബഹുമാനപ്പെട്ട വനിതാമെമ്പർ ആവശ്യപ്പെട്ടതുപോലെ പ്രസവകാര്യങ്ങളിലും മറ്റും സ്ത്രീകൾക്കുണ്ടാവുന്ന വിഷമങ്ങളെപ്പറ്റി നേരിട്ട് പോയി അന്വേഷിക്കുന്നതിന്ന് മന്ത്രിക്ക് തയ്യാറാവാൻ കുറച്ച് വിഷമം ഉണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. (ചിരി)

ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: പ്രസവ കേസ്സിന്ന് പോകുവാനല്ല ഞാൻ പറഞ്ഞത്. വില്ലേജുകളിലെ ബുദ്ധിമുട്ടുകളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തു പോയി അന്വേഷിക്കണമെന്നാണ് ഞാൻ പറയുന്നത് (ചിരി)

മിസ്റ്റർ സി. എ. ഔസേപ്പ്: എങ്കിലും ഈവക കാര്യങ്ങളിൽ നേരിട്ടന്വേഷണം നടത്തി പുരുഷന്മാർക്കും, സ്ത്രീകൾക്കും, രോഗസംബന്ധമായ ശുശ്രൂഷകൾ എന്താണെന്ന് അറിയുന്നതിന്നും കുറച്ച് വിഷമം ഉണ്ട്. ഈവിധത്തിലുള്ള വൈദ്യസഹായങ്ങൾ ഇല്ലാത്ത വിഷമങ്ങളും അതു കിട്ടാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകളും ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെടുത്തിട്ടുണ്ട്. നമ്മുടെ ജീവിതസമ്പ്രദായത്തെപ്പറ്റി ബഡ്ഡറ്റ് അവതരിപ്പിച്ചുകൊണ്ടുള്ള നിയമനിർമ്മാണവേളയിൽ ഗവമ്മെണ്ടിന്റെ നില എന്താണെന്ന് വ്യക്തമാക്കീട്ടുണ്ട്. അതുകൊണ്ട് ഇങ്ങിനെയുള്ള എല്ലാ സ്ഥലങ്ങളിലും വൈദ്യസഹായം ചെയ്യണമെന്ന് ഗവമ്മെണ്ടിന്ന മോഹമുണ്ടെങ്കിലും, തല്ക്കാലം വനിതാമെമ്പർ ആവശ്യപ്പെട്ടപ്രകാരം ചേരാനെല്ലൂരും, മുളവുകാടും വൈപ്പിൻ കരയിലും ഓരോ ഡിസ്പെൻസറി തുടങ്ങാം എന്നുള്ള വാഗ്ദാനം ചെയ്യുവാൻ എനിക്ക് നിവൃത്തിയില്ലാതെ വന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഗവമ്മെണ്ടിന്റെ സാമ്പത്തികനില നന്നാകുമ്പോൾ ഇങ്ങിനെയുള്ള കാര്യങ്ങൾക്ക് വേണ്ടതായ എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് ജനങ്ങൾക്കാവശ്യമായ വൈദ്യസഹായം ചെയ്യുവാൻ ശ്രമിക്കുന്നതാണ്. ഭരണ കമ്മിറ്റി റിപ്പോർട്ട് വന്നിട്ട് വളരെനാളായിട്ടുണ്ടെങ്കിലും അതിന്നുള്ള ഇംപ്ലിമെൻറ്സ് (Implements) ഉണ്ടായിട്ടുപോലും കൊച്ചിഗവമ്മെണ്ടിനേക്കാൾ വളരെയധികം ധനവിനിമയം ചെയ്യുന്ന ഗവമ്മെണ്ടുകൾക്ക് സാധിച്ചിട്ടില്ല. ധനകാര്യങ്ങളെ സംബന്ധിച്ച് മൻപ് ധനകാര്യമന്ത്രി പറഞ്ഞതുപോലെതന്നെ കൊച്ചിഗവമ്മെണ്ടിന്ന് തല്ക്കാലം ഇങ്ങിനെയുള്ള കാര്യങ്ങളൊന്നും സാദ്ധ്യമല്ല. എങ്കിലും ചിലവുകളെല്ലാം പല വിധത്തിലും കുറച്ച് അതിൽനിന്നും മിച്ചമുണ്ടാകുന്ന സംഖ്യ ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ ഇപ്പോഴത്തെ മന്ത്രിസഭ പാടുള്ള ശ്രമങ്ങൾ ചെയ്യുന്നതാണ്. പണത്തിന്റെ തോതനുസരിച്ച് വേണ്ട വിധത്തിൽ വില്ലേജുകളിൽ ഡിസ്പെൻസറികൾ (Dispensary) തുറക്കുന്നതിന്ന് ശ്രമിക്കുന്നതാണ്. ഇങ്ങിനെ പറയുമ്പോൾ ഈ കാര്യം സാധിക്കുവാൻ പോകുന്നതു അതിവിദൂരമായ ഒരു ഭാവിയിലാണ് എന്നു ബഹുമാനപ്പെട്ട വനിതാമെമ്പർ വിചാരിക്കേണ്ടതില്ല.

പിന്നെ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഫ്ളോട്ടിങ്ങ് ഡിസ്പെൻസറിയെ (Floating Dispensary) പ്പറ്റി പറഞ്ഞകാര്യം സാദ്ധ്യമാവുകയില്ല. Floating Dispensary കൊണ്ട് ഉപകാരം ഉണ്ടാകുകയില്ലെന്നല്ല പറയുന്നത്. ഇതുകൂടാതെ വേറെ ചില അങ്ങിപ്പായങ്ങളും കാണുന്നുണ്ട്. അതായതു വാനിന്റെ (Van) മുകളിൽ ബോക്സുകൾ (Boxes)

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. A. Ouseph]

കൊണ്ടുനടന്നു് ഉപകാരപ്രദമായ ചികിത്സകരം വേണമെന്നുള്ള അഭിപ്രായം ചിലരിൽ ഉണ്ടു്. അതും ഗവൺമെണ്ടിന്റെ അടുക്കൽ വരുന്നുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങരംക്കൊക്കെ ഉറപ്പുതരുന്നതിനു് ഇപ്പോരം നിവൃത്തിയില്ലെന്നു മാത്രമെയുള്ളു. അതുകൊണ്ടു് ഈ റസല്യൂഷൻ പിൻവലിക്കുവാൻ ബഹുമാനപ്പെട്ട വനിതാമെമ്പറോടാവശ്യപ്പെടുന്നു.

ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സർ, എന്റെ ഈ പ്രമേയത്തിലെ ഉള്ളടക്കം കൊച്ചിരാജ്യത്തിലുള്ള എല്ലാ വില്ലേജുകളിലും ഡിസ്പെൻസറി ആവശ്യമാണെന്നുള്ളതിനെപ്പറ്റിയാണു്. ബഹുമാനപ്പെട്ട മന്ത്രി അവർകരം ഈ കാര്യത്തിൽ വേണ്ടിടത്തോളം മനസ്സുവെച്ചു് പ്രവൃത്തിക്കാം എന്നു ഉറപ്പു തന്നതുകൊണ്ടു ഞാൻ ഈ പ്രമേയം ഇവിടെ പ്രസ്സു് (Press) ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. പിന്നെ രണ്ടുവാക്കു കൂടി പറയുവാനുണ്ടു്. ബഹുമാനപ്പെട്ട കന്നംകരം മെമ്പർ ഫ്രാൻസിസ്സു് ഡിസ്പെൻസറി മുഖേന വില്ലേജുകളിൽ ചികിത്സ നടത്തിയാൽ മതിയെന്നുള്ള അഭിപ്രായം പറയുകയുണ്ടായി. അതുകൊണ്ടുമാത്രം വില്ലേജുകളിലെ സാധുജനങ്ങളുടെ രോഗനിവാരണത്തിനു് ശമനം ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ എന്റെ അഭിപ്രായം വില്ലേജുകളിൽ പെർമനന്റായി (Permanent) ഒരു ഡിസ്പെൻസറിയും അതിൽ ഒരു ഡോക്ടരും, ഒരു കൊമ്പൌണ്ടരും, ഒരു മിഡ്വൈഫും വേണമെന്നുള്ളതാണു്. ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn.

Resolutions 14 to 17 were not moved

RESOLUTION No. 18

Recruitment to the Public Service Commission

മിസ്റ്റർ പി. കെ. കൃഷ്ണൻ കുട്ടിമേനോൻ: *This Assembly recommends to Government that recruitment to the services of the State by the Public Service Commission according to the communal ratio be made for each Department separately.* സർ, ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതിന്റെ ഉദ്ദേശം സർക്കാർ ഉദ്യോഗങ്ങളിൽ നിയമനം നടത്തുന്ന പബ്ലിക് സർവ്വീസ്സു് കമ്മീഷൻ (Public Service Commission) ഇപ്പോരം സ്വീകരിച്ചുവരുന്നി സമുദായ പ്രാതിനിധ്യതത്വങ്ങളോടു കൂടി തന്നെ, അതിനു യാതൊരു കോട്ടവും തട്ടാത്ത വിധത്തിൽ തന്നെ, ഓരോ ഡിപ്പാർട്ടുമെണ്ടുകളിലേക്കും നിയമനം നടത്തണമെന്നുള്ളതിനെപ്പറ്റിയാണു്. ഇപ്പോഴത്തെ സമ്പ്രദായപ്രകാരം ഓരോ ഡിപ്പാർട്ടുമെണ്ടുകളിൽ വരുന്ന ഒഴിവുകളിലേക്കു് പബ്ലിക്കു് സർവ്വീസ്സു് കമ്മീഷൻ വഴിക്കു് ഈ നിയമനം നടത്തുമ്പോരം, ആ ഡിപ്പാർട്ടുമെണ്ടിൽ തന്നെ കൂടുതൽ കാലം ജോലി ചെയ്തിട്ടുള്ള ഒരാളെ മറെറാരു ഡിപ്പാർട്ടുമെണ്ടിലേക്കും നിയമിക്കുന്നതുകൊണ്ടു് ഉദ്യോഗസംബന്ധമായ കാര്യങ്ങളിൽ കാര്യക്ഷമത കുറഞ്ഞു പോകുന്നുണ്ടു്. ഇങ്ങിനെ പരിചയമില്ലാത്ത ഡിപ്പാർട്ടുമെണ്ടിൽ, പുതിയതായിട്ടു് ഒരാളെ നിയമിക്കുമ്പോരം അയാരംക്കു് ആ ജോലിയിൽ ശ്രദ്ധകുറയുമെന്നു മാത്രമല്ല, അതിൽ കൂടുതൽ പരിചയം കിട്ടുന്നതിനും അവസരം കിട്ടുന്നില്ല. അതു ഇല്ലാതെ യാക്കുന്നതിനു വേണ്ടി ഓരോ കാലത്തേക്കും വരുന്ന ഒഴിവുകരം നേരത്തേ തന്നെ കണക്കാക്കി അതിലേക്കു് സാമുദായിക പ്രാതിനിധ്യം അനുസരിച്ചു് നിയമനങ്ങരം നടത്തുകയാണെങ്കിൽ ഇന്നത്തേക്കാരം കൂടുതലായി ജോലികരംക്കു് കാര്യക്ഷമതയുണ്ടാകുന്നതാണു്. അതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെടുത്തുവാൻ വേണ്ടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. എന്റെ അറിവു്, മദ്രാസ്സു് സർവ്വീസ്സു് കമ്മീഷൻ രൂപകരം അനുസരിച്ചല്ല നമ്മുടെ സർവ്വീസ്സു കമ്മീഷൻ നിയമനം നടത്തുന്നതു്. നേരേ മറിച്ചു് ഓരോ ഡിപ്പാർട്ടുമെണ്ടിലേക്കുള്ള ഒഴിവുകരം കാലേ കൂട്ടി തന്നെ മനസ്സിലാക്കി നിയമനങ്ങരം നടത്തുകയാണു് മദ്രാസ്സിലും മറെറ പ്രവശ്യകളിലും ചെയ്തു വരുന്നതു് ഇപ്പോരം നമ്മുടെ പബ്ലിക്കു് സർവ്വീസ്സു് കമ്മീഷന്റെ രൂപകരം എതാണ്ടു് ശരിപ്പെടുത്തിവരുന്ന സമയമാണു്. അതുകൊണ്ടു് മദ്രാസ്സിലും മറെറ പ്രവശ്യകളിലുമുള്ള രൂപകരംമനസ്സിലാക്കി ഓരോ ഡിപ്പാർട്ടുമെണ്ടുകളിലേക്കും നിയമനം നടത്തുകയാണെങ്കിൽ കൂടുതൽ കാര്യക്ഷമതയുണ്ടാകുമെന്നുള്ളതാണു് എനിക്കു് പറയുവാനുള്ളതു്. ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

Mr. P. K. Dewer *(Labour):* May I know, Sir, whether the resolution has been seconded.

Mr. President: The Hon. Minister explained that it may not be necessary to move the resolution.

Mr. C. A. Ouseph *(Minister for Education and Public Health):* I explained the position in order that moving and seconding of the resolution may not be necessary.

Mr. P. K. Krishnankutty Menon *(Vellarappilly):* In view of the Government's reply I am not pressing the resolution.

Resolution, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly